**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ നടപടിക്രമം**
**(ഹാജർ: ഡോ. വി. ബാലകൃഷ്ണൻ )**

വിഷയം: കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിച്ചിട്ടുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ വിവിധ ആവശ്യങ്ങൾക്കായി പരിശോധിക്കാനും റെഫർ ചെയ്യാനുമായി സമീപിക്കുമ്പോഴും കൂടാതെ ഇ-പി.ബി.ആർ പോർട്ടലിൽ നിന്നും വിവരങ്ങൾ ശേഖരിക്കുമ്പോഴും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ഉത്തരവ്

**സാങ്കേതിക വിഭാഗം**

നം. 2932/എ6/2023/കെ.എസ്.ബി.ബി തിരുവനന്തപുരം 12-02-2025

പരാമർശം: 1: ജൈവ വൈവിധ്യ നിയമം 2002, ചട്ടങ്ങൾ 2004, കേരള ജൈവവൈവിധ്യ ചട്ടങ്ങൾ 2008,

2: ഭേദഗതി വരുത്തിയ ജൈവവൈവിധ്യ നിയമം 2023, ചട്ടങ്ങൾ 2024.

3. 07-02-2013 തീയതിയിലെ പരിപത്രം നം. 3784/A2/12/Envt.

**ഉത്തരവ്**

ജൈവവൈവിധ്യ നിയമവും, ചട്ടങ്ങളും അനുശാസിക്കുന്നതു പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുഖാന്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകൃതമായിട്ടുള്ള ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി.) മേൽനോട്ടത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത രജിസ്റ്ററിൻറെ തയ്യാറാക്കിയ ഹാർഡ് കോപ്പികളിൽ ഒരെണ്ണം സംസ്ഥാന ജൈവവൈവിധ്യ ബോർഡിലും, ഒരെണ്ണം അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിലും സൂക്ഷിച്ചുവരികയാണ്. പി.ബി.ആർ എന്നത് തദ്ദേശീയമായ ജൈവവൈവിധ്യ വിവരങ്ങൾ, ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ എന്നിങ്ങനെയുള്ള സമഗ്ര വിവരങ്ങളും ഉൾപ്പെടുത്തികൊണ്ട് തയ്യാറാക്കിയിട്ടുള്ള പ്രാഥമിക അടിസ്ഥാന ഡോക്യുമെന്റുകളായതിനാൽ വളരെ വിലപ്പെട്ടതും ജൈവവൈവിധ്യ നിയമ പ്രകാരം അതീവ പ്രാധാന്യത്തോടെ സൂക്ഷിക്കേണ്ടതും നഷ്ടപ്പെടാനോ കേടുപാടുകൾ വരാനോ പാടില്ലാത്തതുമാകുന്നു. ടി. ജൈവവൈവിധ്യ രജിസ്റ്റർ അടിസ്ഥാനമാക്കി ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം സാധ്യമാക്കേണ്ടതും, വാണിജ്യപരമായ ഉപയോഗത്തിനുള്ള ജൈവ വിഭവങ്ങളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനും കൂടാതെ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രാദേശിക വ്യക്തികൾ/സമൂഹങ്ങൾ എന്നിവരുടെ അറിവിനെ മാനിക്കുകയും ആയതിനെ പരിരക്ഷിച്ച് സംരക്ഷിക്കുകയും ചെയ്യണ്ടതാണ്.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിച്ചിട്ടുള്ള പി.ബി.ആറുകൾ റഫർ ചെയ്യുന്നതിനും, പരിശോധിക്കുന്നതിനുമായി വിദ്യാർത്ഥികളും, ഗവേഷകരും, വ്യക്തികളും, സ്ഥാപനങ്ങളിൽ നിന്നുള്ളവരും, സാധാരണക്കാരും സമീപിക്കുന്ന സാഹചര്യമാണുള്ളത്. പി.ബി.ആറുകളിൽ വളരെയേറെ രഹസ്യ സ്വഭാവമുള്ളതും, സംരക്ഷണ പ്രധാന്യമുൾകൊള്ളുന്നതുമായ വിവരങ്ങൾ അടങ്ങിയിട്ടുള്ളതാണ്. നിലവിൽ കെ.എസ്.ബി.ബി.യിലും ബി.എം.സി.യിലും സൂക്ഷിച്ചിട്ടുള്ള ഈ പി.ബി.ആറുകൾ വിവിധ ആവശ്യങ്ങൾക്കായി മറ്റുള്ളവർ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ ഒന്നുംതന്നെയില്ലാത്ത സാഹചര്യത്തിൽ പി.ബി.ആറി-ൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ എല്ലാം തന്നെ ഒരുപക്ഷേ ദുരുപയോഗപെടുത്തുവാൻ സാഹചര്യമുണ്ടാവുന്നതാണ്.

മേൽ സാഹചര്യത്തിൽ ജൈവവൈവിധ്യ ബോർഡിലും ബന്ധപ്പെട്ട ബി.എം.സി. കളിലും സൂക്ഷിച്ചിട്ടുള്ള ജൈവവൈവിധ്യ രജിസ്റ്റർ റെഫർ ചെയ്യാൻ ആവശ്യക്കാർ സമീപിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവാകുന്നു.

1. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) എന്നത് രാജ്യത്തിൻറെ ജൈവവൈവിധ്യ സമ്പത്തിൻറെ സാക്ഷ്യപ്പെടുത്തിയ ഔദ്യോഗിക പ്രമാണം ആകുന്നു. ആയതിൽ ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ

ദുരുപയോഗപ്പെടുത്താതിരിക്കുക, പി.ബി.ആറിൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ അർഹതപ്പെട്ടവർക്ക് തന്നെ ലഭ്യമാക്കുക കൂടാതെ പി.ബി.ആറുകൾ നഷ്ടപ്പെടാതെയും കേടുപാടുകൾ കൂടാതെയും സംരക്ഷിക്കേണ്ടതും ബി.എം.സി. യുടെ ഉത്തരവാദിത്തമാണ്.

2. വിവിധ ആവശ്യങ്ങൾക്കായി പി.ബി.ആർ./ഇ-പി.ബി.ആർ. ഡോക്യുമെന്റ് പരിശോധനക്ക് അംഗീകാരം തേടുന്ന ഓരോ വ്യക്തിയും ബോർഡിന്/ബി.എം.സി. യ്ക്ക് നിർദ്ധിഷ്ട ഫോമിൽ അപേക്ഷ നൽകേണ്ടതാണ്.
3. അപേക്ഷകനിൽ നിന്നും ഒരു പി.ബി.ആർ. പരിശോധിക്കുന്നതിന് 100 രൂപ ഫീസായി ഈടാക്കുന്നതാണ്. ടി. തുക അപേക്ഷകൻ ഡിമാൻഡ് ഡ്രാഫ്റ്റ്/ചെക്ക് ആയി ചെയർപേഴ്സൻ കെ.എസ്.ബി.ബി./ ചെയർപേഴ്സൻ ബി.എം.സി. യുടെ പേരിൽ സമർപ്പിക്കേണ്ടതാണ്.
4. ടി. ഇനത്തിൽ ലഭ്യമാകുന്ന തുക ബോർഡിൻറെ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജൈവവൈവിധ്യ ഫണ്ടായി സമാഹാരിക്കേണ്ടതാണെന്നും ഇങ്ങനെ ലഭിക്കുന്ന തുക പ്രദേശത്തെ ജൈവ വൈവിധ്യത്തിൻറെ സംരക്ഷണത്തിനും, പരിപോഷണത്തിനുമായി വിനിയോഗിക്കാവുന്നതുമാണ്.
5. പി.ബി.ആർ. പരിശോധിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷ ബോർഡ്/ബി.എം.സി. പരിശോധിച്ച ശേഷം ഒരു നിശ്ചിത ദിവസം അപേക്ഷകന് പി.ബി.ആർ. പരിശോധിക്കുവാൻ അനുവദിക്കാവുന്നതാണ്. ടി ദിവസം അപേക്ഷകന് മതിയായ സൗകര്യം കൂടി ഒരുക്കി നൽകേണ്ടത്.
6. പരിശോധന വേളയിൽ അപേക്ഷകൻ അപേക്ഷ ഫോമിൽ പറഞ്ഞിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിബന്ധനകളും നിശ്ചയമായും പാലിക്കേണ്ടതാണ്.
7. പി.ബി.ആറിൽ നിന്നും ശേഖരിക്കുന്നതോ പരിശോധിച്ച് ഉറപ്പിക്കുന്നതോ ആയ വിവരങ്ങൾ അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള ഫോമിൽ പറഞ്ഞിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായും സമ്മതപത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമായിരിക്കണം ഉപയോഗിക്കേണ്ടത്.
8. പി.ബി.ആറിലെ വിവരങ്ങളുടെ സ്വകാര്യതയും രഹസ്യസ്വഭാവവും കർശനമായി നിലനിർത്തേണ്ടത് അപേക്ഷകൻറെ കൂടെ ഉത്തരവാദിത്തമാണ്.
9. പി.ബി.ആർ. പരിശോധന വേളയിൽ അപേക്ഷകൻ പുസ്തകത്തിന് കേടുപാടുകൾ വരുത്താനോ ആയതിൻറെ പകർപ്പ് ഇലക്ട്രോണിക് ഉപകരണത്തിൻറെ സഹായത്താൽ (വീഡിയോ, ഫോട്ടോ, സ്കാൻ) പകർത്തുവാൻ പാടുള്ളതുമല്ല. അങ്ങനെ ചെയ്യുന്ന പക്ഷം അപേക്ഷകന് പി.ബി.ആർ. പരിശോധന തുടർന്ന് അനുവദിക്കുന്നതല്ല.
10. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ ജൈവവൈവിധ്യ നിയമം, ചട്ടം, മറ്റ് ബാധകമായ നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ വ്യവസ്ഥകൾക്കനുസൃതമായി അപേക്ഷകനെതിരെ നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്.

Signed by
V Balakrishnan
Date: 12-02-2025 12:18:05 **ഡോ. വി. ബാലകൃഷ്ണൻ**
മെമ്പർസെക്രട്ടറി

## APPLICATION FORM

(See Section 3-7 of Biodiversity Act 2002 & Rule 14, 16 of Kerala Biological Diversity Rules 2004, Circular No. 3784/A2/12/Envt dated 07-02-2013)

### APPLICATION FORM FOR ACCESSING PBR/e-PBR FOR CERTAIN PURPOSES

### PART A

| | | |
|---|---|---|
| 1 | Full particulars of the applicant | |
| | i. Name | |
| | ii. Gender | |
| | iii. Permanent Address with Contact number & e-mail ID | |
| | iv. Nationality | Indian ☐ Others ☐ |
| | (v) Others<br>Address of the contact person/ agent, if any in India | |
| 2 | Purpose of application (reason for referring/verifying PBR) | 1. Academic purpose ☐<br>2. Conservation Work ☐<br>3. Policy Development ☐<br>4. Community engagement ☐<br>5. Others (specify) ☐ |
| | The purpose of perusal, in detail | |
| 3 | Profile of the applicant | |
| | Whether part of an academic research through a University/ Institutions or any other similar organizations | YES/NO |
| | (i) Name of the University / College/Department/Organization and Concerned department. | |
| | (ii) Name and Address of the Department supervisor (with letter of authorization) | |
| | (iii) Sanction order No., Name of funding of the research project. | |
| | (iv) Brief description of the research | |

| | | |
|---|---|---|
| | (v) Nature of business (in case of NGOs) | |
| | (vi) As an individual (Personal Profile) | |
| 4 | No. of PBR/e-PBR to be referred [Mention district & LSGD (BMC) details] | |
| 5 | Whether it is for publicizing or for commercializing? | |
| 6 | If it is for emergency purpose, specify details. | |
| 7 | Identity of the Applicant- details (Please attach authorized ID proof) | |
| 8 | Estimation of benefits that would flow to communities arising out of the use of PBR/ePBR | |
| 9 | Proposed mechanism and arrangements for benefit sharing | |
| 10 | Fee remittance details (Fee consideration for SC/ST/OBC/PH as per rules) | DD:<br>Cheque: |
| 11 | Any other relevant information | |

**Date:**

**Name:**

**Signature**

**PART B**

**DECLARATION**

**The data collected or verified from PBR/ePBR shall strictly be used for the purpose mentioned in Form 1, Part A.**

**I/We further declare the information provided in the application form is true and correct, and shall be responsible for the accuracy.**

**I/We, the information collected from EPR/e-PBR shall not be used for any other purposes including commercialization, publications, marketing or sale to any third party without prior permission from KSBB.**

**I/We agree to comply with the guidelines and regulations governing the use of PBR/e-PBR information. I /We consent to the verification and background, if necessary.**

**Place** **Name:**

**Date:** **Signature**